# Desabhimani

# 19 July 2018

# Kalady, Leaking Houses, Using Flex Boards, Adi Shankara Engineering College

## ചോർന്നൊലിക്കുന്ന വീടുകളെ രക്ഷിക്കാൻ 'മെസിയും നെയ്മറും'

**കാലടി**



ആദിശങ്കര എൻജിനിയറിങ് കോളേജിലെ വിദ്യാർഥികൾ ഫ്ളക്സ്ബോർഡുകൾ ഉപയോഗിച്ച് വീടുമേയുന്നു

ചോർന്നൊലിക്കുന്ന വീടുകൾ മേയാൻ ലോകകപ്പിലെ ഇഷ്ട ടീമുകളുടെയും താരങ്ങളുടെയും ഫ്ളക്സ്ബോർഡുകൾ പ്രയോജനപ്പെടുത്തി വിദ്യാർഥികൾ. കാലടി ആദിശങ്കര എൻജിനിയറിങ് കോളേജിലെ എൻഎസ്എസ് ടെക്നിക്കൽ സെല്ലിലെ വിദ്യാർഥികളാണ് പരിസ്ഥിതി നാശം ഉണ്ടാക്കുന്ന മാലിന്യമായി മാറിയ ഫ്ലക്സ് ബോർഡുകൾക്ക് ഉപയോഗം കണ്ടെത്തിയത്.

സ്വച്ഛ് ഭാരത് സമ്മർ ഇന്റേൺഷിപ്പിന്റെ ഭാഗമായി വിദ്യാർഥികൾ തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് വീടുകൾ തോറും കയറി ശുചിത്വബോധവൽകരണം, ആരോഗ്യസർവേ, സർക്കാർസ്ഥാപനങ്ങളുടെ പരിസരശുചീകരണം, പൂന്തോട്ട നിർമാണം, സ്കൂൾകുട്ടികൾക്കായുള്ള ബോധവൽകരണ പ്രവർത്തനങ്ങൾ, മാലിന്യസംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഇതിനിടയിലാണ് ചോർന്നൊലിക്കുന്ന വീടുകൾ വിദ്യാർഥികളുടെ ശ്രദ്ധയിൽപ്പെട്ടത്. ഇത് പരിഹരിക്കാനുള്ള ശ്രമത്തിനിടയിലാണ് ഫ്ളക്സ് ബോർഡുകൾ ഉപയോഗിക്കാൻ തീരുമാനിച്ചത്. സമൂഹമാധ്യമങ്ങളിലൂടെ ഈ ആശയം മുന്നോട്ടു വച്ചപ്പോൾ നിരവധി പേരാണ് സഹായവുമായി എത്തിയത്. വിവിധ സ്ഥലങ്ങളിൽനിന്ന് വിദ്യാർഥികൾ ഫ്ളക്സുകൾ ശേഖരിച്ചു. തുടർന്ന് കലൂർ, പെരുമ്പാവൂർ എന്നിവിടങ്ങളിലെ രണ്ടു വീടുകളുടെ ചോർച്ച പരിഹരിച്ചു. പെരുമ്പാവൂർ ഭാഗങ്ങളിൽ ചോർന്നൊലിക്കുന്ന 10 വീടുകൾ കണ്ടെത്തിയിട്ടുണ്ട്. അവർക്കും ഇത്തരത്തിൽ മേഞ്ഞുനൽകാനുള്ള തയ്യാറെടുപ്പിലാണ് വിദ്യാർഥികൾ. പരസ്യക്കമ്പനികൾ, ക്ലബ്ബുകൾ തുടങ്ങിയവർ വിദ്യാർഥികൾക്ക് സഹായവുമായിഎത്തിയിട്ടുണ്ട്. കോളേജ്മാനേജ്മെന്റും പ്രിൻസിപ്പൽ ഡോ. എം എ ദ്വരൈ രംഗസ്വാമിയും വിദ്യാർഥികൾക്ക് പിന്തുണ നൽകുന്നു. എൻഎസ്എസ് വളന്റിയർ സെക്രട്ടറി സി വി അഭിമന്യു, എൻഎസ്എസ് ടെക്നിക്കൽ സെൽ ഫീൽഡ് ഓഫീസർ ബ്ലെസൻ പോൾ, എം ഗൗരി എന്നിവരാണ് പരിപാടിക്ക് നേതൃത്വം നൽകുന്നത്.